# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 962** 28-04-2017-ൽ മറുപടി നൽകേണ്ടത്

## ആർട്സ് ആന്റ് സയൻസ് കോളേജുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ഡി. പ്രസേനൻ | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) ഉണ്ട്. ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ 5 കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിക്കുന്നു എന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരി |

| | |
|---|---|
| | ക്കുന്നതിനായി DPR (Detailed Project Report ) തയ്യാറാക്കിവരുന്നു.<br>ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു യു ജി സി യുടെ ''കോളേജസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്'' പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ഫാറുഖ് കോളേജ്, കോഴിക്കോട്, സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട് എന്നീ കോളേജുകൾക്ക് പുറമെ കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ, ലിറ്റിൽ ഫ്ലവർ കോളേജ് ഗുരുവായൂർ, സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട, വിമല കോളേജ്, തൃശ്ശൂർ എന്നിവക്കുകൂടി "കോളേജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ്" പദവി നൽകി വികസന സഹായം നൽകാൻ യു ജി സി തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗവൺമെന്റ്/ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത |

| | |
|---|---|
| | വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി തുടങ്ങിയ പല പദ്ധതികളും സമിതി നടപ്പിലാക്കി വരുന്നു. കൂടാതെ, കേരളത്തിലെ കോളേജുകളെ പഠിതാക്കൾക്ക് പ്രാമുഖ്യവും പഠന പ്രവർത്തനത്തിന് പ്രാധാന്യവുമുള്ള ക്യാമ്പസുകളാക്കി മാറ്റുന്നതിന് 'ധൈഷണിക പര്യാവരൺ' എന്ന ഒരു നൂതന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരി ച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതി സംസ്ഥാനത്ത് ഒരു ക്യാമ്പസ്സിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് നടപ്പി ലാക്കുന്നുണ്ട്. |
| ബി) കോളേജ് കാമ്പസുകൾ ഡിജിറ്റലൈസ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ? | ബി) ഉണ്ട്. മഹാത്മാഗാന്ധി സർവ്വ കലാശാല ക്യാമ്പസിൽ പ്രധാന ലൈബ്രറിയിൽ ഡിജിറ്റലൈസിംങ്ങ് സൗകര്യം ഏർപ്പെടുത്തുന്നതിനും ക്യാമ്പസിൽ സമ്പൂർണ്ണ വൈ.ഫൈ ഏർപ്പെടുത്തുന്നതിനും ഡിജിറ്റൽ കണ്ടന്റ് ക്രിയേഷൻ ലാബോറട്ടറികൾ നിർമ്മിക്കുന്നതിനും പഠന വകുപ്പ കളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർ മ്മിക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ക്യാമ്പസ് ഡിജിറ്റലൈസേഷന്റെ |

| | |
|---|---|
| | ഭാഗമായി 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാന്റെ' (RUSA) ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു.<br>ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ 5 കോളേജുകളെ ഡിജിറ്റൽ കോളേജുകളായും മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിക്കുന്നു എന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി DPR (Detailed Project Report ) തയ്യാറാക്കിവരുന്നു.<br>സാങ്കേതിക വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജു കളിലും പോളിടെക്നിക്ക് കോളേജു കളിലും ക്യാമ്പസ് നെറ്റ് വർക്കിംഗ് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളി ലാണ്. ലൈബ്രറികളുടെ ആധുനിക |

| | |
|---|---|
| | വത്ക്കരണത്തിലൂടെയും വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങളുടെ ഡിജിറ്റലൈസേഷൻ ലക്ഷ്യമിടുന്നു.<br>കൊച്ചി സർവ്വകലാശാല കാമ്പസിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റുകളിലെ ഹോസ്റ്റൽ ഫീസ് സ്വീകരിക്കുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാണ്. കൊച്ചി സർവ്വകലാശാലയിൽ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.<br>മലയാളസർവകലാശാലയിലെ ലൈബ്രറി, ക്ലാസ്മുറികൾ, ലാബുകൾ, സ്റ്റാഫ്റൂം, ഓഫീസ് തുടങ്ങിയ ഇടങ്ങളിൽ പരമാവധി കമ്പ്യൂട്ടറൈസ് ചെയ്ത് ഡിജിറ്റിലൈസേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ്, സൗജന്യ വൈഫൈ സേവനം, ഇന്റർനെറ്റ് തുടങ്ങിയവ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**